

# അമേരിക്കൻ കഥകൾ

## മിനികഥകൾ ഇരുപത്തി എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചിക്ക് അമേരിക്കയിൽ വന്നിട്ടുള്ള മിക്കവാറും മലയാളി പെണ്ണുങ്ങളുടെ സ്വഭാവം അറിയാം. കഴിഞ്ഞ കഥയുടെ തുടക്കമാണ് ഇതും. ഹൈസ്ക്കൂളും നേഴ്സിംഗും പഠിച്ച ശേഷം അമേരിക്കയിൽ വന്നിട്ട് കേരളത്തിൽ പോയി നല്ല വിദ്യാഭ്യാസമുള്ളവരെ വിവാഹം കഴിച്ച് അമേരിക്കയിൽ കൊണ്ടു വന്ന ശേഷം, അവരുടെ മണ്ടേൽ കേറി, അവരെ ഭരിച്ചു നടക്കുന്ന തീരെ വകതിരിവില്ലാത്ത പെണ്ണുങ്ങൾ നിരവധി ഇവിടെ ഉണ്ട് ഗതികെട്ട ഇങ്ങിനെയുള്ള പല പുരുഷന്മാരും വളരെ അടങ്ങി ഒതുങ്ങി അവരുടെ കീഴേൽ കിടക്കും. ഇവളുമാർ ആ പാവങ്ങളുടെ മണ്ടേൽ നിന്നും ഇറങ്ങത്തില്ലന്നാണ് അന്നച്ചിയുടെ ഭാഷ. ഇത് ഇഷ്ടമല്ലാത്തിടത്ത് എന്നും കലഹമായിരിക്കും. അമേരിക്കയിൽ വന്ന് രണ്ടു വഷത്തോളം യാതൊരു പ്രശ്നവുമില്ലാതെ കഴിഞ്ഞില്ലങ്കിൽ അവരെ നിബന്ധമായി സർക്കാർ മടക്കി അയക്കുമെന്ന് നിയമവുണ്ട്. ഇത് പ്രയോഗിച്ച് പല പെണ്ണുങ്ങളും ആണുങ്ങളെ ഭീഷണിപ്പെടുത്തി കീഴടക്കി ജീവിക്കും. ഇതറിയാവുന്ന പലരും ശബ്ദം ഉണ്ടാക്കാതെ വളരെ മര്യാദക്കാരായി ജീവിക്കും.

കോരപ്പൻ അങ്ങിനെ ആരുടേയും വാലേൽ തൂങ്ങി വന്നതല്ല. ഐെറ്റി ഉൾപ്പെടെ രണ്ട് മാസ്റ്റേഴ്സ് സ്വന്തമായി കയ്യിൽ ഉണ്ട്. അമേരിക്കൻ സർക്കാർ അവനെ വിളിച്ചു വരുത്തി നല്ല ഒരു വല്ല്യ സ്ഥാപനത്തിലെ നല്ല ഒരു വിഭാഗത്തിന്റെ മേലുദ്യോഗസ്ഥനാണ്. കൈ നിറച്ച് അമേരിക്കൻ ഡോളർ ശമ്പളം കിട്ടുന്നുണ്ട്. അമേരിക്കയിൽ സ്ഥിര താമസമാക്കിയിട്ടുള്ള ഒരാളിന്റെ മിടുക്കി ആയ മകളെ വിവാഹം കഴിച്ചതുമായിരുന്നു. അവൾ ഡോക്ടർ ആണ്. കൂടാതെ നല്ല സൗന്ദര്യവുമുണ്ട്. അവൾ അവളുടെ അഹങ്കാരം അവനോട് കാണിക്കാൻ തുടങ്ങിയപ്പോൾ അവൻ അവളെ ഉപേക്ഷിച്ചതാണ്. എന്തായാലും ആ വകയിൽ മക്കളൊന്നുമില്ല. അമേരിക്കയിലെ നിയമം അനുസരിച്ച് വിവാഹം ബന്ധം വേർപെടുത്തുമ്പോൾ എത്ര മക്കളുണ്ടോ അവക്ക് ചിലവിനു കൊടുക്കണം. ഇതിന് അലിമണി എന്നാണ് പറയുന്നത്. ചില മിടുക്കികളായ വെളുമ്പികളും കറമ്പികളും ഇങ്ങിനെ ഓരോരുത്തരുടെ കൂടെ കഴിഞ്ഞ് ഒന്നും രണ്ടും മക്കളായതിനു ശേഷം അവരിൽ നിന്നെല്ലാം അലിമൊണിയും വാങ്ങിച്ച് സുഖമായി കഴിയുന്നുണ്ട്.

അമേരിക്കയിൽ താമസിക്കുന്ന പലരും വിവാഹം ഒന്നും കഴിക്കാതെ സുഹൃത്തുക്കളായി മക്കളുമായി ജീവിക്കും. അവർ പറയുന്നത്, വിവാഹമെന്നത് വളരെ പണചിലവുള്ളതാണ്. ഇങ്ങിനെയുള്ളവർ വിവാഹം നടത്തിയാൽ തന്നെ വളരെ ചുരുക്കം ആൾക്കാക്ക് മാത്രമേ ഭക്ഷണം കൊടുക്കാറുള്ളു. അവർ വളരെ ചുരുക്കം ആൾക്കാരെ മാത്രമേ വിവാഹത്തിന് ക്ഷണിക്കത്തുള്ളു.

ചില ആൾക്കാർ സുഹൃത്തുക്കൾ ആയി കഴിഞ്ഞ് തീരെ കുറഞ്ഞത് ഒരു കുഞ്ഞെങ്കിലും ജനിച്ച ശേഷം, ഈ സ്ത്രീക്ക് പ്രസവിക്കാൻ കഴിയുമെന്ന് മനസ്സിലാക്കിയ ശേഷമേ വിവാഹം കഴിക്കൂ. ആരുടെ കൂടെയെങ്കിലും കഴിഞ്ഞ് കുട്ടികൾ ഉണ്ടായ സ്ത്രീകളെ വിവാഹം ചെയ്യുന്നവരും ധാരാളം ഉണ്ട്. നമ്മുടെ കേരളത്തിൽ പറയുന്നതുപോലെ: പശുവിനേയും ക്ടാവിനേയും കൂട്ടി കൊണ്ടു വരുന്നവരും ധാരാളമാണ്. ഒരു വിവാഹ ജീവിതത്തിൽ പരാജയപ്പെട്ടവർ, പിന്നീടുള്ളതിൽ വളരെ ശ്രദ്ധിച്ച് ജീവിക്കുന്നവർ ധാരാളമാണ്. പള്ളിയിലോ അമ്പലത്തിലോ പോകാതെ രജിസ്റ്റേഡ് ആയി വിവാഹം ചെയ്യുന്നവരുംധാരാളം. പല ആൾക്കാക്കും ഇവിടെ വിവാഹമെന്നത് വളരെ ഭീതി ഉള്ളതാണ്. വിദേശത്തുള്ള പല ആൾക്കാരും വിസിറ്റിംഗ് വിസായിലോ എങ്ങിനെയെങ്കിലും ഈ സ്വപ്ന, സ്വഗ്ഗരാജ്യത്ത് എത്തിയ ശേഷം ഏതെങ്കിലും പൗരത്വം ഉള്ള ഏതെങ്കിലും ഒരു പെണ്ണിനെ വിവഹം കഴിച്ച ശേഷം ഇവിടെ അടിഞ്ഞു കൂടുക പതിവാണ്.

KCV വീടു വാങ്ങി മാറിയപ്പോൾ പെങ്ങളെ കൂടെ വളരെ അടുത്തായി ഒരു വീടു വാങ്ങിപ്പിച്ച് താമസമാക്കി. ഇക്കാര്യത്തിൽ കോരപ്പന് തീരെ ഇഷ്ടമില്ലായിരുന്നു. എന്നാൽ അവളുടെ സുരക്ഷയ്ക്ക് അത്വളരെ അത്യാവശ്യമായിരുന്നു. ഈ സംഭവം കോരപ്പനെ വളരെ ചൊടിപ്പിച്ചിരുന്നു. അയാളെ വിശ്വാസമില്ലാത്തതുകൊണ്ടാണെന്നും മറ്റും അയാൾ ദുർ വ്യാഖ്യാനിച്ച്, വീട് വാങ്ങാനായി ടൗൺ പേമെന്റ് ഉൾപ്പെടെ ഒന്നിനും അയാൾ പണം മുടക്കിയില്ല.

അമേരിക്കയിൽ വീട് വാങ്ങാണമെങ്കിൽ, വീടിന്റെ വിലയുടെ പത്തു ശതമാനം, അധാരം എഴുതുന്ന അന്ന് കൊടുക്കണം. ബാക്കി തുകയ്ക്ക് കടം കിട്ടുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ കച്ചവടം നടക്കത്തുള്ളു. കടം കിട്ടണമെങ്കിൽ, കടം വാങ്ങുന്നവരുടെ ജോലി, വരുമാനം തുടങ്ങി പലതും കടം കൊടുക്കുന്നവർ അന്വേഷിച്ച് ബോദ്ധ്യപ്പെട്ടതിനു ശേഷമേ കടം കൊടുക്കത്തുള്ളു. ഇവർ ഇതിനു മുമ്പ് കടം വാങ്ങി കൊടുത്തിട്ടുള്ളവരാണോ എന്നെല്ലാം അവർ അന്വേഷിക്കും. മണി, കാർ വാങ്ങി ആ പണം കൊടുത്ത തീർത്ത് രേഖ ഉണ്ട്. എന്നാലും വളരെ നീണ്ട സമയം ഈ അന്വേഷണങ്ങൾക്കായി എടുക്കും. ഈ വീടു വാങ്ങൽ മുതൽ അവർ തമ്മിൽ അല്പം അകൽച്ച തുടങ്ങി. അവളുടെ കയ്യിലെ പണം മുടക്കി വീടു വാങ്ങിയപ്പോൾ മുതൽ അവൾക്കും അഹങ്കാരം തുടങ്ങി. അത് അവൾ പ്രകടിപ്പിക്കുന്നത് അവനു ബോദ്ധ്യമായി. ദൈനം ദിനം അത് വദ്ധിച്ചു വന്നപ്പോൾ, അവന്റെ സാധനങ്ങൾ എല്ലാം പെറുക്കി കെട്ടി, വളരെ അപ്രതീക്ഷിത സമയത്ത് അവൻ യാത്ര ആയി. അത് അവൾക്ക് വളരെ ആഘാതമായി. അവളുടെ കഴിവിന്റെ പരമാവധി അവൾ പരിശ്രമിച്ചിട്ടും അവൻ പിടിയിൽ നിന്നില്ല.

അവന് വളരെ ഇഷ്ടപെട്ടതും അവൾക്ക് ഒരിക്കലും ഇഷ്ടമല്ലാത്തതുമായ അധരഭോഗം വെരെ അവൾ ചെയ്തു നോക്കി. അവൻ അവളെ ബ്ലൂഫിലം കാണിച്ച് നിബ്ന്ധിച്ച് തുടങ്ങിയ ഒരു ഇടപാടായിരുന്നു ഇത്. അവൻ ഇതിൽ വളരെ സന്തോഷവാനായിരുന്നു. പല സ്ത്രീകളും അവരുടെ പുരുഷന്മാരായി ഇടച്ച് വരുമ്പോൾ അവരെ പ്രീതിപ്പെടുത്താനായി അവർ ആ പുരുഷന്മാക്കിഷ്ടമുള്ള രതി ക്രിയകൾ നടത്തി അവരെ പ്രീതിപ്പെടുത്തുക പതിവുള്ളതാണ്.

അവനെ കൈവിട്ടു കളഞ്ഞപ്പോൾ അവൾക്ക് സഹിക്കാൻ വയ്യാത്ത നിരാശ ആയി. അയാളിൽ നിന്നാണ് അവൾ യഥാത്ഥത്തിൽ രതി സുഖമെന്തെന്ന് ശരിക്കും അറിഞ്ഞത്. അതിനുശേഷം, അതു പോലെ യാതൊരു അറപ്പും കൂടാതെ അവളെ രമിപ്പിക്കാൻ വേറെ ആരേയും കിട്ടത്തില്ലന്നവൾക്കറിയാം. ഒരു സ്ത്രീയിലെ കാമം കത്തിപ്പിച്ചാൽ അത് പിന്നീട് അണയ്ക്കാൻ വലിയ പ്രയാസമാണ്. അതിനെ ദൈനംദിനം പ്രീണിപ്പിക്കാൻ ആളില്ലാതെ വരുമ്പോൾ അവൾ മാനസീകമായി വീണു പോകും. ഏതൊരു വ്യക്തിയുടേയും മനസമാധാനം നഷ്ടപ്പെട്ടാൽ പിന്നെ ആ വ്യക്തിയെക്കൊണ്ട് യാതൊന്നും ചെയ്യാൻ കഴിവില്ലാതെ പോകും. അങ്ങിനെ സംഭവിക്കാതിരിക്കാനായാണ്, മനുഷ്യന് മനസമാധാനം കിട്ടാൻ വെണ്ടിയാണ്, മനുഷ്യൻ, ദൈവത്തേയും, ആരാധനാലയങ്ങളേയും, പൂജാരികളേയും, പൂജാവസ്തുക്കളേയും സൃഷ്ടിച്ചതു തന്നെ. എന്നാൽ പിന്നീട്, ഇത് ഓരോന്നും ദുർവിനിയോഗം ചെയ്യുമ്പോളാണ് പ്രശ്നങ്ങൾ പലതും, ഉടലെടുക്കുന്നതും കലഹങ്ങൾ പലതും ലോകത്ത് ഉത്ഭൂതമായിട്ടുള്ളതും.